# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4982

21/10/2011-ൽ മറുപടിക്ക്

### ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. കെ.എം. ഷാജി :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ന്യൂനപക്ഷങ്ങൾക്കായുള്ള കേന്ദ്ര സർക്കാരിന്റെ പ്രത്യേക പാക്കേജിൽ കൂടുതൽ ജില്ലകളെ ഉൾപ്പെടുത്താൻ കേന്ദ്ര ന്യൂനപക്ഷ ക്ഷേമവകുപ്പ് തീരുമാനിച്ച വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. ഇതു സംബന്ധിച്ച അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) എങ്കിൽ സംസ്ഥാനത്തെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായ മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) ഇക്കാര്യത്തിൽ ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. സച്ചാർ കമ്മീഷന്റെ വെളിച്ചത്തിൽ സമർപ്പിച്ചിട്ടുള്ള വിവിധ ശുപാർശകൾ കൂടാതെ മുസ്ലീം വനിതകളുടെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കൽ, സിവിൽ സർവ്വീസ് പരീക്ഷയിൽ പരിശീലനം നൽകുന്നതിന് റസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കൽ, വിവിധ ക്ഷേമ പ്രവൃത്തികൾ |

| | |
|---|---|
| | ഗുണഭോക്താക്കളിലെത്തിക്കുന്നതിന് 1000 ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കൽ, പ്രത്യേക ഭവന പദ്ധതി ആവിഷ്കരിക്കൽ, ന്യൂനപക്ഷ ക്ഷേമ ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ സംഘടിപ്പിക്കൽ എന്നിവ അടിയന്തിരമായി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ.